# റസിഡൻഷ്യൽ കോഴ്സ്

2020 മെയ് മാസം നടത്താനിരുന്ന പ്ലസ് വൺ, പ്ലസ്ടു റസിഡൻഷ്യൽ കോഴ്സ് ഈ പ്രത്യേക സാഹചര്യത്തിൽ ഉണ്ടായിരിക്കുന്നതല്ല. അതിന് പകരമായി വിശ്വാസപരിശീലന കേന്ദ്രം നിർദേശിക്കുന്ന രണ്ട് അസൈൻമെന്റുകളാണ് അതാത് ഇടവകയിലെ പ്രധാനാധ്യാപകന്റെ പക്കൽ സമർപ്പിക്കേണ്ടത് (ഒന്നാമത്തേത് മെയ് 15 നും, രണ്ടാമത്തേത് മെയ് 25 നും). കൂടുതൽ വിവരങ്ങളും അസൈൻമെന്റുകളും **Diploma Residential Course** എന്ന പേജിൽ നൽകിയിരിക്കുന്നു.

## പന്ത്രണ്ടാംക്ലാസ്സിലെ പുന:പരീക്ഷ

ഈ വർഷവും മുൻവർഷങ്ങളിലും പന്ത്രണ്ടാംക്ലാസ്സിൽ തോറ്റ വിദ്യാർത്ഥികൾ Lock down ന്റെ പ്രത്യേക സാഹചര്യത്തിൽ പുന:പരീക്ഷയ്ക്ക് പകരമായി വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നും നൽകുന്ന അസൈൻമെന്റ് അതാത് ഇടവകയിലെ പ്രധാനാധ്യാപകന്റെ പക്കൽ മെയ് 15 നു മുമ്പ് സമർപ്പിക്കണം. പുനഃപരീക്ഷക്കു പങ്കെടുക്കുവാനുള്ള കാരണം കാണിക്കുന്ന വികാരിയച്ചന്റെ എഴുത്തും അസൈൻമെന്റിന്റെ ഒപ്പം വെയ്ക്കേണ്ടതാണ്.

## Assignment for Class XII Students Re-exam 2020

ദൈവാലയത്തിൽ പോകുവാനും, വലിയ ആഴ്ച്ചയിലെ തിരുകർമ്മങ്ങളിലും തിരുനാൾ ആഘോഷങ്ങളിലും, വിശുദ്ധ കുർബാന, കുമ്പസാരം എന്നീ കൂദാശകളിലും സജ്ജീവമായി പങ്കെടുക്കുവാൻ സാധ്യമല്ലാത്ത കാലഘട്ടത്തിലൂടെയാണ് നാമിപ്പോൾ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ഭാവിയിലും ഇപ്രകാരം, ദൈവാലയത്തിലും മറ്റ് തിരുകർമ്മങ്ങളിലും സംബന്ധിക്കുവാൻ സാധിക്കാത്ത സാഹചര്യങ്ങൾ ഉണ്ടായേക്കാം. ഇങ്ങനെയുള്ള അവസരങ്ങളിൽ പന്ത്രണ്ടാം ക്ലാസ് വിശ്വാസപരിശീലനപഠനം പൂർത്തിയാക്കിയ കാറ്റിക്കിസം സ്റ്റുഡന്റ് എന്ന നിലയിൽ വിശ്വാസപരിശീലനത്തിലൂടെ നേടിയ അറിവുകളും ബോധ്യങ്ങളും നിങ്ങളുടെ വിശ്വാസ ജീവിതത്തിന് എപ്രകാരമാണ് അർത്ഥം നൽകുവാൻ സഹായകമാകുന്നത്?

നിങ്ങളുടെ ബോധ്യങ്ങൾ, പ്രധാനമായും പ്ലസ് വൺ, പ്ലസ്ടു ക്ലാസുകളിലെ പാഠപുസ്തകത്തെ ആസ്പദമാക്കി വേണം ഈ ഉപന്യാസം രചിക്കേണ്ടത്. 6 പേജിൽ കുറയരുത്. പാഠഭാഗത്തിൽ നിന്നുമുള്ള റഫറൻസുകൾ - അദ്ധ്യായവും, പേജ് നമ്പറും - ഉപയോഗിച്ചു വേണം ഉപന്യാസം തയ്യാറാക്കുവാൻ. (മെയ് 15 ന് മുമ്പ് ഇടവകയിലെ പ്രധാനാധ്യാപകന്റെ പക്കൽ സമർപ്പിക്കുക).

## പത്താംക്ലാസ്സിലെ പുന:പരീക്ഷ

ഈ വർഷവും മുൻവർഷങ്ങളിലും പത്താംക്ലാസ്സിൽ തോറ്റ വിദ്യാർത്ഥികളും പൂർത്തിയാക്കാത്തവരും Lock down ന്റെ പ്രത്യേക സാഹചര്യത്തിൽ പുന:പരീക്ഷയ്ക്ക് പകരമായി വിശ്വാസ പരിശീലനകേന്ദ്രത്തിൽ നിന്നും നൽകുന്ന അസൈൻമെന്റ് അതാത് ഇടവകയിലെ പ്രധാനാധ്യാപകന്റെ പക്കൽ മെയ് 15 നു മുമ്പ് സമർപ്പിക്കണം. പുനഃപരീക്ഷക്കു പങ്കെടുക്കുവാനുള്ള കാരണം കാണിക്കുന്ന വികാരിയച്ചന്റെ എഴുത്തും അസൈൻമെന്റിന്റെ ഒപ്പം വെയ്ക്കേണ്ടതാണ്.

## Assignment for Class X Students Re-exam 2020

ദൈവാലയത്തിൽ പോകുവാനും, വലിയ ആഴ്ച്ചയിലെ തിരുകർമ്മങ്ങളിലും തിരുനാൾ ആഘോഷങ്ങളിലും, വിശുദ്ധ കുർബാന, കുമ്പസാരം എന്നീ കൂദാശകളിലും സജ്ജീവമായി പങ്കെടുക്കുവാൻ സാധ്യമല്ലാത്ത കാലഘട്ടത്തിലൂടെയാണ് നാമിപ്പോൾ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ഭാവിയിലും ഇപ്രകാരം, ദൈവാലയത്തിലും മറ്റ് തിരുകർമ്മങ്ങളിലും സംബന്ധിക്കുവാൻ സാധിക്കാത്ത സാഹചര്യങ്ങൾ ഉണ്ടായേക്കാം. ഇങ്ങനെയുള്ള അവസരങ്ങളിൽ പത്താം ക്ലാസ് വിശ്വാസപരിശീലനപഠനം പൂർത്തിയാക്കിയ കാറ്റിക്കിസം സ്റ്റുഡന്റ് എന്ന നിലയിൽ

വിശ്വാസപരിശീലനത്തിലൂടെ നേടിയ അറിവുകളും ബോധ്യങ്ങളും നിങ്ങളുടെ വിശ്വാസജീവിതത്തിന് എപ്രകാരമാണ് അർത്ഥം നൽകുവാൻ സഹായകമാകുന്നത്?

നിങ്ങളുടെ ബോധ്യങ്ങൾ, പ്രധാനമായും പത്താം ക്ലാസിലെ പാഠപുസ്തകത്തെ ആസ്പദമാക്കിവേണം ഈ ഉപന്യാസം രചിക്കേണ്ടത്. 6 പേജിൽ കുറയരുത്. പാഠഭാഗത്തിൽ നിന്നുമുള്ള റഫറൻസുകൾ - അദ്ധ്യായവും, പേജ് നമ്പറും - ഉപയോഗിച്ചു വേണം ഉപന്യാസം തയ്യാറാക്കുവാൻ. (മെയ് 15 ന് മുമ്പ് ഇടവകയിലെ പ്രധാനാദ്ധ്യാപകന്റെ പക്കൽ സമർപ്പിക്കുക).

## പ്രാർത്ഥനാദിനം

2020-21 വിശ്വാസപരിശീലന വർഷം ആരംഭിക്കുന്നതിന്റെ മുന്നോടിയായി നടത്തുന്ന പ്രാർത്ഥനാദിനം മെയ് 24നാണല്ലോ. അന്നേ ദിവസം വൈകിട്ട് 8.30ന് എല്ലാ വിശ്വാസ പരിശീലകർക്കും വിദ്യാർത്ഥികൾക്കും വേണ്ടി നമ്മുടെ catechismernakulam Youtube ചാനലിൽ വിശ്വാസപരിശീലന കേന്ദ്രം ഒരുക്കുന്ന ഒരു പ്രാർത്ഥനാശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്. ഈ പ്രാർത്ഥനാശുശ്രൂഷയിൽ സാധിക്കുമെങ്കിൽ കുടുംബസമേതം പങ്കെടുക്കുമല്ലോ.

## വിശ്വാസപരിശീലന വർഷ ഉദ്ഘാടനം

2020 മെയ് 31നാണ് വിശ്വാസപരിശീലനവർഷം ആരംഭിക്കുന്നത്. അന്നേ ദിവസം വി. കുർബാനക്ക് ശേഷം തിരിതെളിക്കലും ലോഗോ പ്രകാശനവും ഉണ്ടായിരിക്കുന്നതാണ്. പതിവുപോലെ നടത്താറുള്ള പൊതു മീറ്റിങ്ങ് ഉണ്ടായിരിക്കുന്നതല്ല. സ്കോളർഷിപ്പും അവാർഡുകളും മറ്റൊരവസരത്തിൽ നൽകുന്നതാണ്. പത്ത്, പന്ത്രണ്ട് ക്ലാസുകളിലെ സർട്ടിഫിക്കറ്റുകൾ നൽകുന്ന തിയതിയും സ്ഥലവും പിന്നീട് അറിയിക്കുന്നതാണ്.

## Family Catechism Hour

ഇടവകയിൽ ഒരുമിച്ച്കൂടി വിശ്വാസപരിശീലന ക്ലാസുകൾ നടത്തുവാൻ സാധ്യമാകാത്തിടത്തോളം ഞായറാഴ്ച്ചകളിൽ വിശ്വാസപരിശീലനം അവരവരുടെ വീടുകളിൽതന്നെ നടത്തേണ്ടതാണ്. എല്ലാ ഞായറാഴ്ചകളിലും ഒരു മണിക്കൂർ (Catechism Hour – 10.00 a.m. – 11.00 a.m.) മാതാപിതാക്കളും കുട്ടികളും ഇതിനായി മാറ്റിവെയ്ക്കേണ്ടതാണ്. ഇത് റെഗുലർ സൺഡെ കാറ്റിക്കിസം ക്ലാസ്പോലെതന്നെ നടത്തണം. ക്ലാസ്സിന് സഹായകമാകുന്ന പഠനോപാധികൾ നവമാധ്യമങ്ങളിലൂടെ വിശ്വാസപരിശീലകർ വഴി ലഭ്യമാക്കുന്നതാണ്.

വിശ്വാസപരിശീലന കേന്ദ്രത്തിനുവേണ്ടി

ഫാ. പീറ്റർ കണ്ണമ്പുഴ

ഡയറക്ടർ